ഖനനാനുമതി

230 (3207) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതി ആഘാതപഠനം, മൈനിംഗ് പ്ലാൻ എന്നിവ ഇല്ലാതെ മൈനിംഗ് ലൈസൻസ് നൽകിയതായി ഏതെങ്കിലും പഞ്ചായത്തുകൾക്കെതിരെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾക്കെതിരെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ക്വാറികൾക്ക് മൈനിംഗ് ലൈസൻസ് നൽകുന്നത് മൈനിംഗ് & ജിയോളജി വകുപ്പാണ്. എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ നിരാക്ഷേപ പത്രമില്ലാത്ത പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ മൈനിംഗ് നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

കുടിവെള്ളക്ഷാമം

231 (3209) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് സംസ്ഥാനത്തെ മുഴുവൻ വീടുകൾക്കും സബ്സിഡി നിരക്കിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ ?

ഉത്തരം

(എ) 12-ാം പഞ്ചവത്സര പദ്ധതിയിൽ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പൊതു കിണറുകളുടെയും കുളങ്ങളുടെയും സംരക്ഷണത്തിന് പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly